മലയാളം MALAYALAM مالايالم :

# വെള്ളിയാഴ്ച ഖുതുബ

2026 ജൂൺ 5-ന് (1447 ദുൽഹിജ്ജ 19)

## ഇസ്‌ലാമിലെ ആദരവിന്റെ സ്ഥാനം (مَنْزِلَةُ الِاحْتِرَامِ فِي الْإِسْلَامِ)

### ഒന്നാം ഖുതുബ

**ആമുഖം**

എല്ലാ സ്തുതിയും അല്ലാഹുവിനാകുന്നു. അവൻ എക്കാലത്തും സർവ്വജ്ഞനും സർവ്വശക്തനുമാണ്. മനുഷ്യന് അവൻ വഴി കാണിച്ചു കൊടുത്തു; ഒന്നുകിൽ നന്ദിയുള്ളവനാകാം, അല്ലെങ്കിൽ നന്ദികെട്ടവനാകാം. ആര് നന്ദി കാണിക്കുന്നുവോ അവന് പ്രതിഫലമായി അനുഗ്രഹങ്ങളും വലിയൊരു സാമ്രാജ്യവുമുണ്ട്. ആര് നന്ദികേട് കാണിക്കുന്നുവോ അവന് അല്ലാഹുവിനെ കൂടാതെ ഒരു സഹായിയെയോ രക്ഷാധികാരിയെയോ കണ്ടെത്താനാവില്ല. അല്ലാഹു അല്ലാതെ മറ്റൊരു ഇലാഹു മില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു; ഇരുട്ടിനെ വെളിച്ചമാക്കുന്നതും, പ്രയാസങ്ങളെ സന്തോഷവും ആശ്വാസവുമാക്കുന്നതുമായ സാക്ഷ്യമാ ണത്. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദാസ നും, സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും, അവ ന്റെ അനുമതിയോടെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവനും, പ്രകാശിക്കുന്ന വിളക്കുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ, അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും അനുചര ന്മാരുടെയും മേൽ നീ ധാരാളമായി സ്വലാത്തും സലാമും വർഷി ക്കേണമേ.

### തഖ്‌വയെക്കുറിച്ചുള്ള വസിയ്യത്ത്

അല്ലാഹുവിന്റെ ദാസന്മാരേ, അല്ലാഹു കൽപ്പിച്ചതുപോലെ അവനെ ഭയപ്പെട്ട് ജീവിക്കാൻ (തഖ്‌വ) എനിക്കും നിങ്ങൾക്കും ഞാൻ വസിയ്യത്ത് ചെയ്യുന്നു. അല്ലാഹു തആല ഖുർആനിൽ ഇപ്രകാരം അരുളിച്ചെയുതു:

{ يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَلْتَنْظُرْ نَفْسٌ مَا قَدَّمَتْ لِغَدٍ وَاتَّقُوا اللَّهَ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ }

"സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താന്‍ നാളേക്ക് (പരലോകത്തേക്ക്) വേണ്ടി എന്താണ് മുന്‍കൂട്ടി അയച്ചിട്ടുള്ളതെന്ന് നോക്കട്ടെ. നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുക. തീര്‍ച്ചയായും അല്ലാഹു നിങ്ങള്‍ പ്രവര്‍ത്തിക്കുന്ന തിനെപ്പറ്റി സൂക്ഷ്മമമായി അറിയുന്നവനാകുന്നു." *(സൂറ അല്‍-ഹഷ്ര്‍: 18)*

## ആദരവ്: ഒരു ഇസ്‌ലാമിക മൂല്യം

അല്ലാഹുവിന്‍റെ ദാസന്മാരേ, ഇസ്‌ലാമിലെ ഉന്നതമായ മൂല്യങ്ങളില്‍ ഒന്നാണ് ആദരവ് (احترام) എന്നത്. അത് ശുദ്ധമായ ഹൃദയത്തില്‍ നിന്നും ശാന്തമായ മനസ്സില്‍ നിന്നും ഉത്ഭവിക്കുന്നതാണ്. മറ്റുള്ളവരെ വിലമതി ക്കുകയും ബഹുമാനത്തോടും ആദരവോടും കൂടി അവരോട് ഇടപെടു ക എന്നതുമാണത്. ഇസ്‌ലാമിക പ്രമാണങ്ങള്‍ പരിശോധിക്കുന്ന ഒരാള്‍ ക്ക്, ആദരവ് പ്രകടിപ്പിക്കേണ്ടതിന്‍റെ പ്രാധാന്യത്തെക്കുറിച്ച് കൃത്യമാ യനിര്‍ദ്ദേശങ്ങള്‍ കാണാന്‍ സാധിക്കും.

നല്ല സംസാരം, പുഞ്ചിരി എന്നിവ പുലര്‍ത്താനും അശ്ലീലവും മോശമാ യ പദപ്രയോഗങ്ങളും വര്‍ജ്ജിക്കാനും ഇസ്‌ലാം കല്‍പ്പിക്കുന്നു; ഇത് മുസ്ലിംകളോട് മാത്രമല്ല, മുസ്ലിം ഇതര വിശ്വാസികളോടും പാലിക്കേണ്ട തുണ്ട്. അല്ലാഹു തആല പറയുന്നു:

{ وَقُولُوا لِلنَّاسِ حُسْنًا }

"മനുഷ്യരോട് നിങ്ങള്‍ നല്ലത് സംസാരിക്കുക." *(സൂറ അല്‍-ബഖറ: 83)*

അബ്ദുല്ലാഹിബ്നു അംറ് (റ) നിവേദനം ചെയ്യുന്നു, റസൂല്‍ ﷺ പറഞ്ഞു:

«إنَّ مِنْ خِيارِكُمْ أَحاسِنَكُمْ أَخْلَاقاً»

അര്‍ത്ഥം: "തീര്‍ച്ചയായും നിങ്ങളില്‍ ഏറ്റവും ഉത്തമര്‍ നിങ്ങളില്‍ ഏറ്റവും നല്ല സ്വഭാവമുള്ളവരാകുന്നു." *(ബുഖാരി, മുസ്‌ലിം)*

**صَلاحُ أَمْرِكَ لِلأَخْلاقِ مَـرْجِعُهُ ... فَقَـوِّمِ النَّفْسَ بِالأَخْلاقِ تَسْتَقِمِ**

**وَالنَّفْسُ مِنْ خَيْرِها فِي خَيْرِ عافِيَةٍ ... وَالنَّفْسُ مِنْ شَرِّها فِي مَرْتَعٍ وَخِمِ**

നിന്റെ കാര്യങ്ങളുടെ വിജയത്തിന്റെ അടിസ്ഥാനം സദ്സ്വഭാവമാണ്. അതിനാൽ സദ്സ്വഭാവം കൊണ്ട് നിന്റെ മനസ്സിനെ നീ സംസ്കരിക്കുക, എന്നാൽ അത് നേർവഴിയിലാകും. മനസ്സ് അതിന്റെ നന്മയാൽ ഉത്തമമായ സുഖലോലുപതയിലായിരിക്കും; എന്നാൽ മനസ്സ് അതിന്റെ തിന്മയാൽ നാശത്തിന്റെ മേച്ചിൽപ്പുറങ്ങളിലുമായിരിക്കും.

## ആദരവിന്റെ വിവിധ രൂപങ്ങൾ

മുസ്‌ലിം സമൂഹമേ: മനുഷ്യർക്കിടയിലുള്ള ആദരവിന് അനേകം രൂപങ്ങളും ഭാവങ്ങളുമുണ്ട്. അതിൽ ഏറ്റവും മഹത്തരമായത് അല്ലാഹുവെയും അവന്റെ റസൂലിനെയും ﷺ ആദരിക്കുക എന്നുള്ളതാണ്. അല്ലാഹുവിന്റെ ദീനിനെ ആദരിക്കുക എന്നത് ശറഇയ്യായ (മതപരമായ) കൽപ്പനകളെ ബഹുമാനിക്കലും അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളെ (ഹറാം) സൂക്ഷിക്കലുമാണ്. വിശുദ്ധ ഖുർആൻ ഇക്കാര്യം ഇപ്രകാരം മാർഗ്ഗനിർദ്ദേശം നൽകുന്നു:

{ذَٰلِكَ وَمَنْ يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِنْ تَقْوَى الْقُلُوبِ}

"അതത്രെ (വിധി). അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആരെങ്കിലും ആദരിക്കുകയാണെങ്കിൽ തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠയിൽ (തഖ്‌വ) നിന്നുള്ളതാകുന്നു." *(സൂറ അൽ-ഹജ്ജ്: 32)*

ആദരവിന്റെ പ്രധാനപ്പെട്ട മറ്റൊരു രൂപമാണ് സംസാരത്തിൽ നല്ല വാക്കുകൾ തിരഞ്ഞെടുക്കുക എന്നത്. മനസ്സിനെ മുറിപ്പെടുത്തുന്ന പദപ്രയോഗങ്ങളും അപമാനിക്കുന്ന തരത്തിലുള്ള ആംഗ്യങ്ങളും ഒഴിവാക്കേണ്ടതുണ്ട്. ഇവ രണ്ടിനെയും സംബന്ധിച്ച് അല്ലാഹു ഖുർആനിൽ താക്കീത് നൽകുന്നു:

{ وَيْلٌ لِكُلِّ هُمَزَةٍ لُمَزَةٍ }

"കുത്തുവാക്ക് പറയുന്നവനും പരിഹസിക്കുന്നവനുമായ ഏതൊരാൾക്കും നാശം!" *(സൂറ അൽ-ഹുമസ: 1)*

ഇവിടെ 'ഹംസ്' (الْهَمْزُ) എന്നാൽ പ്രവർത്തിയിലൂടെയുള്ള ഉപദ്രവവും കണ്ണുകൾ കൊണ്ടുള്ള പുച്ഛഭാവവുമാണ്. 'ലംസ്' (اللَّمْزُ) എന്നാൽ

വാക്കുകൾ കൊണ്ടുള്ള അധിക്ഷേപവുമാണ്. ഇതിനു വിപരീതമായി, ഏറ്റവും നല്ല രീതിയിൽ സംസാരിക്കാനാണ് അല്ലാഹു കൽപ്പിക്കുന്നത്:

{ وَقُلْ لِعِبَادِي يَقُولُوا الَّتِي هِيَ أَحْسَنُ إِنَّ الشَّيْطَانَ يَنْزَغُ بَيْنَهُمْ إِنَّ الشَّيْطَانَ كَانَ لِلْإِنْسَانِ عَدُوًّا مُبِينًا }

അർത്ഥം: "ഏറ്റവും നല്ലത് ഏതാണോ അത് പറയണമെന്ന് നീ എന്റെ ദാസന്മാരോട് പറയുക. തീർച്ചയായും പിശാച് അവർക്കിടയിൽ കുഴപ്പമുണ്ടാക്കുന്നു. തീർച്ചയായും പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാകുന്നു." *(സൂറ അൽ-ഇസ്റാഅ്: 53)*

## മറ്റുള്ളവരുടെ ബുദ്ധിയെ ആദരിക്കൽ

ആദരവിന്റെ മഹത്തായ രൂപങ്ങളിൽ ഒന്നാണ് മറ്റുള്ളവരുടെ ബുദ്ധിയെ ആദരിക്കുക എന്നത്. ഏറ്റവും നല്ല രീതിയിലൂടെ അവരെ സത്യത്തിലേക്ക് നയിക്കലാണത്. അബൂ ഉമാമ (റ) നിവേദനം ചെയ്ത ഒരു ഹദീസ് ഇതിന് ഉത്തമ ഉദാഹരണമാണ്:

ഒരു യുവാവ് നബി ﷺയുടെ അടുത്ത് വന്ന് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, വ്യഭിചരിക്കാൻ എനിക്ക് അനുവാദം നൽകിയാലും." ഇതുകേട്ട ജനങ്ങൾ അദ്ദേഹത്തിന് നേരെ തിരിയുകയും ശകാരിക്കുകയും ചെയ്തു. എന്നാൽ നബി ﷺ അദ്ദേഹത്തോട് അടുത്തു വരാൻ പറഞ്ഞു. അദ്ദേഹം നബിയുടെ അടുത്തിരുന്നപ്പോൾ നബി ﷺ ചോദിച്ചു:

- "നിന്റെ ഉമ്മയുടെ കാര്യത്തിൽ നീ ഇത് ഇഷ്ടപ്പെടുമോ?" അദ്ദേഹം പറഞ്ഞു: "ഇല്ല, അല്ലാഹുവാണെ സത്യം!" നബി ﷺ പറഞ്ഞു: "അപ്രകാരം തന്നെ മറ്റുള്ളവരും അവരുടെ ഉമ്മമാരുടെ കാര്യത്തി ൽ ഇത് ഇഷ്ടപ്പെടില്ല."
- തുടർന്ന് നിന്റെ മകൾ, സഹോദരി, പിതൃസഹോദരി, മാതൃ സഹോദരി എന്നിവരുടെ കാര്യത്തിൽ നീ ഇത് ഇഷ്ടപ്പെടുമോ എന്ന് നബി ﷺ ചോദിച്ചു. യുവാവ് ഇല്ല എന്ന് മറുപടി നൽകി.
- അനന്തരം നബി ﷺ ആ യുവാവിന്റെ മേൽ കൈ വെച്ച് ഇപ്രകാരം പ്രാർത്ഥിച്ചു:

»اللَّهُمَّ اغْفِرْ ذَنْبَهُ، وَطَهِّرْ قَلْبَهُ، وَحَصِّنْ فَرْجَهُ«: "അല്ലാഹുവേ, ഇദ്ദേഹത്തിന്റെ പാപം നീ പൊറുത്തു കൊടുക്കേണമേ, ഇദ്ദേഹത്തിന്റെ ഹൃദയം ശുദ്ധീകരിക്കേണമേ, ഇദ്ദേഹത്തിന്റെ ഗുഹ്യഭാഗം നീ സംരക്ഷിക്കേണമേ." അതിനുശേഷം ആ യുവാവ് ഇത്തരം കാര്യങ്ങളിലേക്ക് തിരിഞ്ഞു നോക്കിയിട്ടില്ല. *(അഹ്മദ്)*

ബുദ്ധിയെ ആദരിക്കുന്നതിന്റെ ഭാഗമാണ് മറ്റുള്ളവരുടെ ഗ്രഹണശേഷിയിലുള്ള വ്യത്യാസങ്ങൾ പരിഗണിക്കുക എന്നത്. അലി (റ) പറഞ്ഞു:

»حَدِّثُوا النَّاسَ بِما يَعْرِفُونَ؛ أَتُحِبُّونَ أَنْ يُكَذَّبَ اللهُ وَرَسُولُهُ؟« "ജനങ്ങൾക്കറിയാവുന്ന കാര്യങ്ങൾ (അവരുടെ ബുദ്ധിക്ക് അനുസരിച്ച്) സംസാരിക്കുക. അല്ലാഹുവും അവന്റെ റസൂലും കളവാക്കപ്പെടാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ?" *(ബുഖാരി)*

## അമുസ്‌ലിംകളോടുള്ള ആദരവ്

സത്യവിശ്വാസികളേ: പരിഹസിക്കാതെയും ശകാരിക്കാതെയും ഏറ്റവും നല്ല രീതിയിൽ അമുസ്‌ലിംകളെ ദീനിലേക്ക് ക്ഷണിക്കുന്നതും ആദരവിന്റെ ഭാഗമാണ്. അല്ലാഹു പറയുന്നു:

{ ادْعُ إِلَى سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُمْ بِالَّتِي هِيَ أَحْسَنُ }... "യുക്തിയോടും സദുപദേശത്തോടും കൂടി നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണി ക്കുക. ഏറ്റവും നല്ല രീതിയിൽ അവരോട് സംവദിക്കുകയും ചെയ്യുക..." *(സൂറ അന്നഹ്ല്: 125)*

## സമത്വവും നീതിയും

ആദരവിന്റെ മറ്റൊരു സുന്ദരരൂപം ജനങ്ങൾക്കിടയിൽ വിവേചനം കാണിക്കാതിരിക്കുക എന്നതാണ്.

- ന്യായാധിപൻ: കുലീനനെന്നും സാധാരണക്കാരനെന്നും വേർതിരിക്കരുത്.
- ഡോക്ടർ: പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ നോക്കാതെ ചികിത്സിക്കണം.
- അധ്യാപകൻ: വിദ്യാർത്ഥികൾക്കിടയിൽ വിവേചനം പാടില്ല.

- പിതാവ്: മക്കൾക്കിടയിൽ നീതി കാണിക്കണം.
- ഭർത്താവ്: ഭാര്യമാർക്കിടയിൽ നീതി പുലർത്തണം.

അല്ലാഹു പറയുന്നു:

{ إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ... } "തീർച്ചയായും അല്ലാഹു നീതി പാലിക്കാനും നന്മ ചെയ്യാനും കൽപ്പിക്കുന്നു..." *(സൂറ അന്നഹ്ല്: 90)*

ആയിശ (റ) നിവേദനം ചെയ്ത ഹദീസിൽ നബി ﷺ പറഞ്ഞു:

"നിങ്ങൾക്ക് മുൻപുള്ളവർ നശിക്കാൻ കാരണം, അവരിലെ ഉന്നതന്മാർ മോഷണം നടത്തിയാൽ അവരെ ശിക്ഷിക്കാതെ വിടുകയും, സാധാരണക്കാർ മോഷണം നടത്തിയാൽ ശിക്ഷ നടപ്പിലാക്കുകയും ചെയ്തിരുന്നതാണ്. അല്ലാഹുവാണെ സത്യം! മുഹമ്മദിന്റെ മകൾ ഫാത്തിമയാണ് മോഷ്ടിച്ചതെങ്കിലും അവളുടെ കൈ ഞാൻ മുറിക്കുക തന്നെ ചെയ്യും." *(ബുഖാരി, മുസ്‌ലിം)*

## രോഗികളെയും ബലഹീനരെയും ആദരിക്കൽ

രോഗികൾ, ബലഹീനർ, ഭിന്നശേഷിക്കാർ (People of Determination) എന്നിവരെ ആദരിക്കുകയും അവരുടെ അവസ്ഥകൾ പരിഗണനയിലെടുക്കുകയും വേണം. ഉസ്മാൻ ബിൻ അബിൽ ആസ് (റ) തനിക്ക് ഇമാം നിൽക്കാൻ അനുവാദം ചോദിച്ചപ്പോൾ നബി ﷺ പറഞ്ഞു:

«أَنْتَ إِمامُهُمْ، وَاقْتَدِ بِأَضْعَفِهِمْ» അർത്ഥം: "നീ അവരുടെ ഇമാമാണ്. അവരിലെ ഏറ്റവും ബലഹീനനെ നീ മാതൃകയാക്കുക (നിസ്കാരം ദീർഘിപ്പിക്കാതെ അവരെ പരിഗണിക്കുക)." *(അബൂദാവൂദ്)*

ഒരിക്കൽ അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) അരാക് മരത്തിൽ നിന്ന് പല്ല് തേക്കാനുള്ള കോൽ (മിസ്‌വാക്) ശേഖരിക്കുകയായിരുന്നു. കാറ്റടിച്ചപ്പോൾ അദ്ദേഹത്തിന്റെ മെലിഞ്ഞ കാലുകൾ കണ്ട് ജനങ്ങൾ ചിരിച്ചു. അപ്പോൾ നബി ﷺ ചോദിച്ചു: "നിങ്ങൾ എന്തിനാണ് ചിരിക്കുന്നത്?" അവർ പറഞ്ഞു: "അദ്ദേഹത്തിന്റെ കാലുകളുടെ മെലിച്ചിൽ കണ്ടിട്ട്." നബി ﷺ പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, ആ രണ്ട് കാലുകൾക്കും മീസാനിൽ ഉഹ്ദ് പർവ്വതത്തേക്കാൾ ഭാരമുണ്ടാകും." *(അഹ്മദ്)*

## നാട്ടുനടപ്പുകളെ (Customs) ആദരിക്കൽ

മതനിയമങ്ങൾക്കവിരുദ്ധമല്ലാത്ത ജനങ്ങളുടെ ആചാരങ്ങളെയും രീതി കളെയുംആദരിക്കുകഎന്നത്ഇസ്ലാമികമാണ്.അല്ലാഹുപറയുന്നു

{ خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجَاهِلِينَ } "നീ വിട്ടുവീഴ്ച സ്വീകരിക്കുക, നന്മ (ഉർഫ്) കൽപ്പിക്കുക, അവിവേകികളെ അവഗണിക്കുകയും ചെയ്യുക." *(സൂറ അൽ-അഅ്റാഫ്: 199)*

നല്ല സ്വഭാവമുള്ളവരും സൃഷ്ടികളോട് നല്ല രീതിയിൽ പെരുമാറു ന്നവരും ആയി അല്ലാഹു നമ്മെ മാറ്റട്ടെ. ഞാൻ ഈ പറയുന്നത് അല്ലാഹുവിനോട് എനിക്കും നിങ്ങൾക്കും വേണ്ടി പാപമോചനം തേടിക്കൊണ്ടാണ്. നിങ്ങൾ അവനോട് മാപ്പിരക്കുക, തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ്.

## രണ്ടാം ഖുതുബ

ആമുഖം അല്ലാഹുവിന് സ്തുതി. അല്ലാഹു അല്ലാതെ മറ്റൊരു ഇലാ ഹുമില്ലെന്നും, മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദാസനും അവൻ തിരഞ്ഞെടുത്ത ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും അനുചരന്മാരുടെയും അദ്ദേ ഹത്തെ പിൻപറ്റിയവരുടെയും മേൽ അല്ലാഹുവിന്റെ സ്വലാത്തും ധാരാളമായ സലാമും ഉണ്ടാവട്ടെ.

## മാതാപിതാക്കളെയും മുതിർന്നവരെയും ആദരിക്കൽ

അല്ലാഹുവിന്റെ ദാസന്മാരേ, ഉത്തമമായ ആദരവിന്റെ രൂപങ്ങളിൽ ഒന്നാണ് മാതാപിതാക്കളെ ആദരിക്കലും അവരോട് മര്യാദയോടെ പെരുമാറലും. ഇമാം ബുഖാരി തന്റെ 'അദബുൽ മുഫ്രദ്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

അബൂഹുറൈറ (റ) രണ്ട് പുരുഷന്മാരെ കണ്ടപ്പോൾ അവരിൽ ഒരാളോട് ചോദിച്ചു: "ഇയാൾ നിന്റെ ആരാണ്?" അദ്ദേഹം പറഞ്ഞു: "എന്റെ പിതാവാണ്." അപ്പോൾ അബൂഹുറൈറ (റ) പറഞ്ഞു:

"നീ അദ്ദേഹത്തെ പേര് ചൊല്ലി വിളിക്കരുത്, അദ്ദേഹത്തിന് മുന്നിലായി നടക്കരുത്, അദ്ദേഹം ഇരിക്കുന്നതിന് മുൻപ് നീ ഇരിക്കുകയും ചെയ്യരു ത്." *(അൽബാനി സ്വഹീഹാക്കിയത്)*

അതുപോലെതന്നെ ഭരണാധികാരികൾ, പണ്ഡിതന്മാർ, ഖുർആൻ പണ്ഡിതന്മാർ (അഹ്ലുൽ ഖുർആൻ), മുതിർന്നവർ എന്നിവരെയും ആദരിക്കേണ്ടതുണ്ട്. അബൂ മൂസൽ അശ്അരി (റ) നിവേദനം ചെയ്ത ഹദീസിൽ നബി ﷺ ഇപ്രകാരം പറഞ്ഞു:

«إِنَّ مِنْ إِجْلالِ اللهِ تَعالى: إِكْرامَ ذِي الشَّيْبَةِ المُسْلِمِ، وَحامِلِ القُرْآنِ غَيْرِ الغالِي فِيهِ وَالجافِي عَنْهُ، وَإِكْرامَ ذِي السُّلْطانِ المُقْسِطِ»

"മുസ്ലിമായ വൃദ്ധനെ ആദരിക്കുക, ഖുർആനിൽ അതിരു കവിയാത്തവനും അതിനോട് വിമുഖത കാണിക്കാത്തവനുമായ ഖുർആൻ പണ്ഡിതനെ ബഹുമാനിക്കുക, നീതിമാനായ ഭരണാധികാരിയെ ആദരിക്കുക എന്നത് അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിന്റെ ഭാഗമാണ്." *(അബൂദാവൂദ്)*

## ആദരവിന്റെ ഗുണഫലങ്ങൾ

മുസ്ലിംകളേ: ഈ ഉന്നതമായ സ്വഭാവഗുണത്തിലേക്ക് നാം എത്രമാത്രം ദാഹിക്കുന്നു! ആദരവ് എത്രത്തോളം സ്നേഹവും സൗഹൃദവുമാണ് പകർന്നു നൽകുന്നത്. ജനങ്ങൾ അവരോട് നന്മ ചെയ്യുന്നവരെ സ്നേഹി ക്കുന്നു; അത് ഒരു നല്ല വാക്ക് കൊണ്ടോ ആത്മാർത്ഥമായ പുഞ്ചിരി കൊണ്ടോ ആണെങ്കിൽ പോലും. എന്നാൽ തന്നോട് മോശമായി പെരുമാ റുന്നവരെ ജനങ്ങൾ ഇഷ്ടപ്പെടുകയില്ല; അയാൾ സത്യത്തിന്റെ വക്താ വാണെങ്കിൽ പോലും.

أَحْسِنْ إِلَى النَّاسِ تَسْتَعْبِدْ قُلُوبَهُمُ ... فَطالَما اسْتَعْبَدَ الإِنْسانَ إِحْسانُ

"നീ ജനങ്ങൾക്ക് നന്മ ചെയ്യുക, എന്നാൽ നിനക്ക് അവരുടെ ഹൃദയങ്ങളെ കീഴടക്കാം. തീർച്ചയായും നന്മ ചെയ്യുന്നതിലൂടെ മനുഷ്യൻ എപ്പോഴും വിധേയനാക്കപ്പെട്ടിട്ടുണ്ട്."

അല്ലാഹുവിന്റെ ദാസന്മാരേ, അല്ലാഹുവിന്റെ നിർബന്ധ കർമ്മങ്ങൾ (ഫർളുകൾ) അനുഷ്ഠിക്കുന്നതും അല്ലാഹുവിന്റെ ദാസന്മാരോട് നന്മ

**ചെയ്യുന്നതും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് നാം മനസ്സിലാക്കണം. അല്ലാഹു തആല അരുളിച്ചെയ്യുന്നു:**

**لَا تَعْبُدُونَ إِلَّا اللَّهَ وَبِالْوَالِدَيْنِ إِحْسَانًا وَذِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينِ وَقُولُوا لِلنَّاسِ حُسْنًا وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ>**

**"അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അനാഥർക്കും ദരിദ്രർക്കും നന്മ ചെയ്യണം. മനുഷ്യരോട് നല്ലത് സംസാരിക്കണം. പ്രാർത്ഥന (നിസ്കാരം) മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുക."** ***(സൂറ അൽ-ബഖറ: 83)***

**പ്രാർത്ഥന (ദുആ)**

**അല്ലാഹുവേ, നിന്റെ ദാസനും പ്രവാചകനുമായ മുഹമ്മദ് നബിയുടെ മേൽ നീ സ്വലാത്തും സലാമും വർഷിക്കേണമേ. അദ്ദേഹത്തിന്റെ അനുചരന്മാരിൽ നീ സംതൃപ്തനാകേണമേ.**

- **അല്ലാഹുവേ, നിന്നെ സ്മരിക്കാനും നന്ദി കാണിക്കാനും നിനക്ക് ഉത്തമമായ രീതിയിൽ ഇബാദത്ത് ചെയ്യാനും ഞങ്ങളെ നീ സഹായിക്കേണമേ.**
- **അല്ലാഹുവേ, ഞങ്ങൾക്ക് അനുകൂലമായിരിക്കേണമേ, ഞങ്ങൾക്ക് എതിരാകരുതേ. ഞങ്ങളെ സഹായിക്കേണമേ, ഞങ്ങൾക്ക് എതിരായി ആരെയും സഹായിക്കരുതേ. ഞങ്ങളെ നേർവഴിയിലാക്കുകയും ഹിദായത്ത് ഞങ്ങൾക്ക് എളുപ്പമാക്കുകയും ചെയ്യേണമേ.**
- **അല്ലാഹുവേ, കുവൈത്തിനെയും അതിന്റെ ജനതയെയും എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കേണമേ. ഈ നാടിനെയും മറ്റു മുസ്ലിം രാജ്യങ്ങളെയും സമാധാനവും സുരക്ഷിതത്വവുമുള്ളതാക്കേണമേ.**
- **അല്ലാഹുവേ, അതിർത്തി കാക്കുന്നവരെയും സുരക്ഷാ സേനയെയും രാജ്യത്തിന്റെ സുരക്ഷയ്ക്കായി പ്രവർത്തിക്കുന്ന എല്ലാവരെയും നീ കാത്തുരക്ഷിക്കേണമേ.**

- **അല്ലാഹുവേ, ഞങ്ങളുടെ അമീറിനും കിരീടാവകാശിക്കും നീ ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ കാര്യങ്ങൾ ചെയ്യാൻ തൗഫീഖ് നൽകേണമേ.**

**ലോകരക്ഷിതാവായ അല്ലാഹുവിനാണ് സർവ്വ സ്തുതിയും.**

***(വെള്ളിയാഴ്ച ഖുതുബകൾ തയ്യാറാക്കുന്നതിനുള്ള സമിതി)***